# ജി യു പി എസ് എടവനക്കാട്



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ചരിത്ര വഴികളിലൂടെ**

**കൊല്ലവർഷം 1084ൽ അന്നത്തെ സംസ്ഥാന ദിവാനായിരുന്ന R.K.ഷൺമുഖം ചെട്ടിയുടെ ഭരണകാലത്ത് ഒരു ഏക്കർ 4 സെന്റിൽ സ്ഥാപിതമായതാണി സ്കൂൾ ഹരിജനങ്ങൾക്കും വേണ്ടി തുടങ്ങിയ ഈ സ്കൂളിന്റെ മേൽ നോട്ടം മുൻമന്ത്രി ശ്രീ M.K. കൃഷ്ണന്റെ പിതാവ് ശ്രീ കണ്ണൻ അവർകളുടെ ഉത്തരവാദിത്വത്തിലാണ് കുട്ടികളെ ചേർത്തത് അതുകൊണ്ട് ശ്രീ.കണ്ണൻ അവർകൾക്ക് മാനേജർ കണ്ണൻ എന്ന പേരു വന്നു. എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഈ സ്ക്കൂളിൽ വന്നു ചേർന്ന ആദ്യ വിദ്യാർത്ഥി തൂണ്ടിയിൽ ശ്രീ. നാരായണൻ അവർകളാണ് സ്ക്കൂളിന്റെ തെക്കുഭാഗത്ത് താമസിക്കുന്ന ശ്രീ. അബൂബക്കർ മൗലവി ഈ സ്ക്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയും പിന്നീട് ദീർഘകാലം അധ്യാപകനായിരുന്നു. 28 വർഷം അദ്ദേഹം ഈ സ്കൂളിൽ അധ്യാപകനായി തുടർന്നിരുന്നു. 1980-ൽ അദ്ദേഹം ജോലിയിൽ നിന്നുക വിരമിച്ചു. ഈ സ്കൂളിന്റെ അന്നത്തെ പേര് ES എടവനക്കാട് അതായത് ഇംഗ്ലീഷ് സ്കൂൾ എന്നായിരുന്നു. ഇംഗ്ലീഷ് ഭാഷ പ്രൈമറി ഘട്ടം മുതൽ പഠിപ്പിച്ചിരുന്ന ഈ സ്കൂളിൽ 4-ാം ക്ലാസ്സുവരെയുള്ള പഠനമാണ് നടന്നു വന്നിരുന്നത്. 4-ാം ക്ലാസ്സുവരെ പഠിച്ചു കഴിഞ്ഞാൽ ലോവർ സെക്കന്ററിയിൽ പ്രിപ്പറേറ്ററി ക്ലാസ്സിൽ പ്രവേശനം ലഭിക്കുമായിരുന്നു. മലയാളം പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടി ലോവർ സെക്കന്ററിയിൽ പ്രിപ്പറേറ്ററി ക്ലാസ്സിൽ അതായത് 4 -1/2 ക്ലാസ്സിൽ ഒരു വർഷം പഠിച്ചാലേ 5-ാം ക്ലാസ്സിൽ പ്രവേശനം ലഭിക്കുമായിരുന്നുള്ളു. കുട്ടിയുടെ പഠനകാലത്തിൽ ഒരു വർഷം നേട്ടമുണ്ടാക്കുന്നതിന് ഈ സ്കൂളിൽതന്നെ വന്ന് തന്റെ കുട്ടിയ്ക്ക് അഡ്മിഷൻ നേടുമായിരുന്നു. നെടുങ്ങാട്, നായരമ്പലം, കുഴുപ്പിള്ളി എന്നീ പ്രദേശങ്ങളിലെ കുട്ടികൾ ഈ സക്ളിൽ ചേർന്നു പഠിച്ചിരുന്നു.**

## കെട്ടിടങ്ങൾ

120 അടി നീളവും 20 അടി വീതിയുയുള്ള L. Shape കെട്ടിടമാണ് ആദ്യം PWD യുടെ മേൽനേട്ടത്തിൽ ഇവിടെ പണിതീർത്തത്. കെട്ടിടത്തിന്റെ തൊട്ടുമുന്നിൽ ഒരു വലിയ കിണറും ആരംഭത്തിലേ ഇവിടെ പണി തീർത്തിരുന്നു. ഈ കിണറ്റിലെ തെളിവെള്ളം പ്രദേശത്തെ അനേകം കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിച്ചിരുന്നു. 1960 കാലങ്ങളിൽ യു.പി. ഹൈസ്കൂൾ പ്രവേശനം ഈ വില്ലേജിനെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമായിരുന്നു. എല്ലാ ഗവൺമെന്റ് പ്രൈമറി സ്കളൂകളിലും സംസ്ഥാനത്താകമാനവും V-ാം ക്ലാസ്സുകൂടി ആരംഭിക്കുകയായിരുന്നു. V-ാം ക്ലാസിൽരണ്ടും മൂന്നു ഡിവിഷനുകൾ അപ്രകാരം ഇവിടെ നിലവിൽ വന്നു. ഇതോടൊപ്പം അന്നത്തെ എടവനക്കാട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ.K.K. ഇബ്രാഹിം സാഹിബിന്റെ നേതൃത്വത്തിൽ ഈ സ്കൂളിൽ ഒരു അപ്ഗ്രേഡ് കമ്മറ്റി നിലവിൽ വന്നു. അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. K.A. കുഞ്ഞുമുഹമ്മദ് ആയിരുന്നു. സ്കൂൾ സ്റ്റാഫിൻറെയും രക്ഷകർത്താക്കളുടെയും പരിസരവാസികളുടെയും നിരന്തര ശ്രമത്തിന്റെ ഫലമായി 1975 ൽ സ്കൂൾ അപ്ഗ്രേഡു ചെയ്യപ്പെടുകയായിരുന്നു.എറ്റവും കൂടുതൽ അധ്യാപകരും വിദ്യാർത്ഥികളും ഉണ്ടായത് 1965- 70 കാലഘട്ടങ്ങളിലായിരുന്നു. മ്യൂസിക്, ഡ്രോയിങ്ങ്, നീഡിൽ വർക്ക് എന്നിവയ്ക്ക് കലാഅധ്യാപകരും അറബി, ഹിന്ദി, സംസ്കൃതം ഭാഷകൾ പഠിപ്പിക്കുവാൻ സ്പെഷലിസ്റ്റ് അധ്യാപകരും ഇവിടെ സ്റ്റാഫിൽ ഉൾപ്പെട്ടിരുന്നു.

1996 ലാണ് സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ നിയമാനുസരണം അധികാരത്തിൽ വരുന്നതും സർക്കാർ സ്കൂളുകളുടെ ഭരണനേതൃത്വം ഗ്രാമപഞ്ചായ ത്തുകളിൽ നിക്ഷിപ്തമാകുന്നതും.

എടവനക്കാട് ജി യു പി എസ്  എറണാകുളം-മുനമ്പം ദേശീയപാതയ്ക്ക് കിഴക്ക് എടവനക്കാടിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു.

വിദ്യാഭ്യാസത്തിൻറെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു കുട്ടികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ് മുറിയേയും പഠനത്തിൻറെ മികവുറ്റ കേന്ദ്രങ്ങൾ ആക്കി മാറ്റുവാനാണ് വിഭാവനം ചെയ്യുന്നത് പഠന പാഠ്യേതര പ്രക്രിയയുടെ നിരന്തര നിരീക്ഷണവും സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കാൻ സഹായകമാകും

ഓരോ കുട്ടിയെയും വ്യക്തിഗതമായി മനസ്സിലാക്കുന്നതോടൊപ്പം പഠനക്ഷമത പരിപോഷിപ്പിക്കുകയും അതിലൂടെ വിദ്യാലയത്തിന് മികവിന്റെ കേന്ദ്രമാക്കി മാറ്റി വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ഒത്തൊരുമിച്ച് പ്രവർത്തിച്ച് മുന്നേറാം പഠന വിഷയങ്ങൾക്കൊപ്പം കുട്ടിയുടെ ശാരീരിക മാനസിക കായിക ബൗദ്ധിക വികാസത്തിനും വഴിയൊരുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടെണ്ടത്

ഒപ്പം പിന്നെ പഠന പിന്തുണനാ ആവശ്യമുള്ള കുട്ടികൾക്കും അനുയോജ്യമായ പ്രവർത്തനങ്ങളും സാഹചര്യങ്ങളും ഒരുക്കുകയും ലക്ഷ്യമാക്കുന്നു

## ആമുഖം

മികച്ച അക്കാദമിക ആസൂത്രണത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ട് ഓരോ കുട്ടിക്കും വേണ്ട പ്രത്യേക പരിഗണനയും പഠന പിന്തുണയും നൽകിക്കൊണ്ട് വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും പഠന പാഠ്യേതര മികവിലേക്ക് ഉയർത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുകയുള്ളൂ ഓരോ പ്രവർത്തനങ്ങളുടെയും വ്യക്തമായ ആസൂത്രണവും നടപ്പിലാക്കലും സമഗ്ര വിദ്യാഭ്യാസ പുരോഗതിക്ക് അനിവാര്യമാണ് .അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കി വിദ്യാലയത്തെ എങ്ങിനെ ഉയർച്ചയിലേക്ക് എത്തിക്കാൻ ആവും എന്ന ലക്ഷ്യം മുൻനിർത്തി വിവിധ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് .ആസൂത്രണം ചെയ്തത മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ കാര്യങ്ങൾ കൂടി അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി വിഭാവനം ചെയ്യുന്ന കുട്ടികളുടെ സമഗ്ര വികാസം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് .പഠന വിടവ് നികത്തുന്നതിനും പഠന പിന്തുണന ആവശ്യമുള്ളവർക്ക് പ്രത്യേക പരിഗണന നൽകി അവരെ മികച്ച നിലയിൽ എത്തിക്കുന്നതിനും എല്ലാ വിദ്യാർത്ഥികളും പൂർണ്ണമായും ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു

പഠനപ്രവർത്തനങ്ങൾക്കൊപ്പം വിദ്യാലയത്തിന്റെ തനത് പ്രവർത്തനങ്ങൾ കൂടി ചേർത്തിട്ടുണ്ട്

# ഇംഗ്ലീഷ് ഭാഷ പോഷണ പരിപാടിയായി one day one sentence

# മലയാളഭാഷ ശേഷികൾ കൈവരിക്കുന്നതിന് എൻറെ മലയാളം പദ്ധതി

# പ്രീ പ്രൈമറി മുതൽ ഹിന്ദി പഠനം ഉറപ്പുവരുത്തുന്നതിന് മേരി ഹിന്ദി പരിപാടി സംഘടിപ്പിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്

# വിദ്യാർഥികളെ വ്യക്തിപരമായി മനസ്സിലാക്കുന്നതിനും കുടുംബാന്തരീക്ഷങ്ങൾ മനസ്സിലാക്കുന്നതിനും വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം

# വിദ്യാലയത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഭവനം സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുക

**ലക്ഷ്യങ്ങൾ**

**1. സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക**

**2. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുക**

**3. അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ സഹകരണത്തോടെ പഠന പ്രവർത്തനങ്ങൾ മികവുറ്റതാക്കി മാറ്റുക**

**4. ശിശു കേന്ദ്രീകൃതവും സൗഹൃദപരവുമായ അന്തരീക്ഷം ഉറപ്പുവരുത്തുക**

**5. ഓരോ കുട്ടിയുടെയും പ്രത്യേക കഴിവുകളും മികവുകളും കണ്ടെത്തി അവർക്ക് അനുയോജ്യമായ പിന്തുണ ഉറപ്പുവരുത്തുക**

**6. ഓരോ കുട്ടിയെയും വ്യക്തിപരമായി അറിയുന്നതിനും ജീവിത സാഹചര്യങ്ങളും കുടുംബാന്തരീക്ഷങ്ങളും തിരിച്ചറിയുന്നതിനും ഓരോ വിദ്യാർത്ഥിയുടെയും ഭവനങ്ങൾ സന്ദർശിക്കുക**

**7. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയുന്ന വിധം ഭാഷാശേഷികൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക**

**8. സ്കൂൾതല മാസ്റ്റർ പ്ലാനിനോടൊപ്പം ക്ലാസ് തല മാസ്റ്റർ പ്ലാനുകൾ വിഷയാടിസ്ഥാനത്തിലുള്ള മാസ്റ്റർ പ്ലാനുകൾ ഓരോ കുട്ടിയുടെയും വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ എന്നിവ തയ്യാറാക്കി നടപ്പിലാക്കുക**

**9. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുക**

**10. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി പഠന പഠന പ്രവർത്തനങ്ങളോടൊപ്പം സംഘടിപ്പിക്കുക**

**11. സോഷ്യൽ സർവീസ് സ്കീം പ്രവർത്തനങ്ങൾ മികവുറ്റതാക്കി സമൂഹത്തിന് മാതൃകയാക്കുക**

12. അധ്യാപകർ രക്ഷിതാക്കൾ വിദ്യാർഥികൾ സമൂഹം എന്നിവ ചേരുന്ന ഒരൊറ്റ കുടുംബമായി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക

13. വ്യത്യസ്ത പഠനാനുഭവ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക പ്രാദേശികമായി ലഭിക്കുന്ന അറിവുകൾ, പഠനയാത്രകൾ ,ഫീൽഡ് ട്രിപ്പുകൾ, ഓരോ മേഖലയിലും കഴിവ് തെളിയിച്ച വ്യക്തികളുടെ സഹായത്തോടെ പഠന പിന്തുണനാ സഹായികൾ , പഠനോപകരണങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുക

14. പഠന പ്രവർത്തനങ്ങൾ ഒപ്പം തന്നെ വിദ്യാർത്ഥികളെ കലാകായിക പ്രവർത്തി പരിചയമേളകളിൽ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുക.

15. വായന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

16. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക ,സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാൻ പ്രതിബദ്ധതയുള്ള സമൂഹത്തെ വാർത്തെടുക്കുക

17. ഡിജിറ്റൽ അവബോധം വളർത്തി മൊബൈൽ അഡിഷനിൽ നിന്നും കുട്ടികളെ മോചിപ്പിക്കുകയും ചെയ്യുക

18. കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് അത്‌ലറ്റിക് പരിശീലനവും ഫിസിക്കൽ എഡ്യൂക്കേഷൻ പരിശീലനവും നിർബന്ധമാക്കുക

19. കുട്ടികളിലെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാരംഗം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

20. പഠന പാഠ്യേതര വിഷയങ്ങളിൽ മികവുപുലർത്തുന്നതോടൊപ്പം കുടുംബത്തിനും സമൂഹത്തിനും താങ്ങും തണലുമായി മാറുന്ന ഒരു നല്ല വ്യക്തിയായി ഓരോ കുട്ടിയേയും വാർത്തെടുക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം Std 2

**ആമുഖം**

**ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.**

**പ്രവർത്തന ലക്ഷ്യങ്ങൾ**

**രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.**

**സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.**

**ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ**

**ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)**

**ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ**

**പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ**

**മുന്നൊരുക്കം**

**ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.**

**പ്രവർത്തന ലക്ഷ്യം**

**പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ**

**ജൂൺ**

**1, 2, 3, 4 ......**

**1,3,5,7....**

**10,20,30,40,....**

**5,10,15,20....**

**2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ**

**ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .**

**ജൂലൈ**

**ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.**

**ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ**

**പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ**

**(5+5 = 10, 10+10= 20)**

**ആഗസ്റ്റ്**

**വിവിധ പാറ്റേണുകൾ രൂപീകരിക്കൽ**

**സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ**

**99 നോട് 1 കൂട്ടിയാൽ 100**

**10 പത്തുകൾ ചേർന്നാൽ 100 ആകും**

**100 ഒന്നുകൾ ചേർന്നതാണ് 100**

**ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ**

സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽസംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ ,നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ
മാർച്ച്
'കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല

വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

1.രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

2.രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

3.ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

4.ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

5.വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

6.ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

7.ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ക്ലാസ് മൂന്ന്

ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എൻറെ കുട്ടികൾ എല്ലാവരും

1. സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കുകയും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യാൻ പ്രാപ്തരാകുന്നു

2. കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും

3. രചനകൾ ഭാവാത്മകമായി വായിക്കും

4. ആസ്വദിച്ച ഭാഷാ ഘടകങ്ങൾ കഥാകവിത നാടൻപാട്ട് കടങ്കഥ പഴഞ്ചൊല്ല് മുതലായവ ഉദ്യോഗസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

5. ലഘുവായ സർക്കാർ രചനകൾ നടത്തും കഥാകവിത ഡയറി ചിത്രം

6. കഥകളെയും കവിതകളെയും മറ്റു നാടകം പാവനാടകം ചിത്രീകരണം റേഡിയോ തീയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും

7. ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും

ജൂൺ

ക്ലാസ് ലൈബ്രറികൾ നാട്ടുകഥകൾ ഒരുക്കിവയ്ക്കൽ

നാടൻ പാട്ടുകളും കവിതകളും ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു

ജൂലൈ

കലോത്സവം നാടൻ കലകളുടെ അവതരണ ശിൽപ്പശാല

ക്ലാസ് ലൈബ്രറികൾ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കുക

ആഗസ്റ്റ് നാടക ശില്പശാല

സി പി ടി എ ഒന്നാം മികവുത്സവം

സെപ്റ്റംബർ

നാടോടി കഥകളുടെ അവതരണം

നാടൻ പാട്ടുകളുടെ അവതരണം

**ഗണിതം**

**രൂപങ്ങൾ**

**ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു തരംതിരിക്കുന്നു നിർമ്മിക്കുന്നു പാറ്റേണുകൾ കണ്ടെത്തുന്നു വരയ്ക്കുന്നു**

**സംഖ്യാ ബോധം**

**സംഖ്യാബോധം 2000 വരെ**

**സംഖ്യാ വ്യാഖ്യാനം ആയിരം വരെ**

**സംഖ്യ പാറ്റേണുകൾ സംഖ്യാ ബന്ധങ്ങളും പ്രത്യേകതകളും**

**സങ്കലനം**

**1. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനം**

**2. സങ്കലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം**

**3. സംഖ്യാ ബന്ധങ്ങളും പ്രത്യേകതകളും**

**യൂണിറ്റ് 1. രൂപങ്ങൾ വരയ്ക്കാം**

**പഠന ലക്ഷ്യങ്ങൾ**

**1. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതിയുടെ ഭംഗി ആസ്വദിക്കുന്നു**

**2. നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു തരംതിരിക്കുന്നു**

**3. ജാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു**

**4. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു യുക്തി സമർത്ഥിക്കുന്നു പാറ്റേണുകൾ വരയ്ക്കുന്നു**

## അക്കാദമിക മാസ്റ്റർ പ്ലാൻ നാലാം ക്ലാസ്

**ലക്ഷ്യം**

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക

**പ്രവർത്തനം**

ക്ലാസ്സ് ലൈബ്രറിയിൽ നിന്ന് അനുയോജ്യമായ പുസ്തകം തെരഞ്ഞെടുത്ത വ്യക്തിഗതം മൗനം വായന

വായനയിൽ നിന്ന് ഗ്രഹിച്ച ആശയം സ്വന്തം വാക്യത്തിൽ അവതരിപ്പിക്കൽ

**ലക്ഷ്യം**

വായനശേഷി വളർത്തൽ ആശയ ഗ്രഹണത്തോടുള്ള വായന

**ആഭരണമണികൾ**

വാക്കുകൾ ചിഹ്നം ചേർക്കാതെ ബോർഡിലോ ചാർത്തിലോ പ്രദർശിപ്പിക്കുന്നു കുട്ടികൾ അനുയോജ്യമായ ചിഹ്നം ചേർത്തേ ഉറക്കെ വായിക്കുന്നു

ഉദാഹരണം

ച റ ക ചിറക്

ലേഖനത്തിൽ പിന്നോക്കാവസ്ഥ പരിഹരിക്കൽ ചിഹ്നം ഉറപ്പിക്കുന്നതിന്

**കേട്ടെഴുത്ത്**

ടീച്ചർ പറയുന്ന വാക്കുകൾ കേട്ട് എഴുതി ശരിയായി എഴുതിയ പദം നോക്കി സ്വയം തിരുത്തുന്നു അക്ഷരങ്ങളും തിരുത്തുന്നു അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ

**ഭാഷാ പരിചയക്കുറിപ്പ്**

പുസ്തകങ്ങൾ വായിച്ച ഗ്രന്ഥകാരൻ രചനാരീതി ഉള്ളടക്കം എന്നിവ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ തയ്യാറാക്കുന്നു

വായന പ്രോത്സാഹിപ്പിക്കൽ വായനശേഷി വളർത്തൽ എഴുത്ത് പരിപോഷിപ്പിക്കൽ

**സർഗാത്മക ഡയറി**

ദൈനംദിന ജീവിതാനുഭവങ്ങൾ സർഗാത്മകമായി എഴുതി അവതരിപ്പിക്കൽ

എഴുത്ത് പരിപോഷിപ്പിക്കൽ

സർഗ്ഗാത്മക പ്രകടനങ്ങൾ ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ ,കവിതകൾ താളമിട്ട് പാടൽ, സ്കിറ്റ് ,നാടകം തുടങ്ങിയവ

ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു സർഗാത്മകശേഷി വികസനം

## ഗണിതം

വിവിധതരം ഗണിത കളികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ

ഏണിയും പാമ്പും ഡയസ് കളി, കച്ചവടക്കളി ,പ്രശ്നോത്തരി, പസിൽ പാറ്റേൺ, തുടങ്ങിയവ

ചതുഷ്ക്രിയകൾ ഉറപ്പാക്കൽ

പരിസര പഠനം, പ്രകൃതി നടത്തം ,ഫീൽഡ് ട്രിപ്പ് ,ശാസ്ത്ര പരീക്ഷണങ്ങൾ, ഭൂപട വായന

നിരീക്ഷണം, അറിവ്, നിർമ്മാണം, ശാസ്ത്ര പഠനത്തിൽ താൽപര്യം കൂടുന്നതിന്

ഭൂപ്രകൃതി, ജില്ലകൾ, സംസ്ഥാനങ്ങൾ എന്നിവയുടെ സ്ഥാനം പ്രത്യേകത തുടങ്ങിയവഗ്രഹിക്കുന്നതിന്

**യുപി വിഭാഗം**

**അക്കാദമിക് മാസ്റ്റർ പ്ലാൻ: ഗണിതം**

**മേഖല: യുപി ഗണിതം**

**ലക്ഷ്യം : 1**

**ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.**

**പ്രവർത്തനം: ഗണിത ക്ലിനിക്**

**ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.**

**കാലം: ആഴ്ചയിൽ ഒരു പിരീഡ്.**

**ചുമതല: ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും.**

**ലക്ഷ്യം:2**

**വിവിധ ശേഷികളുടെ വികസനം.**

**പ്രവർത്തനം: ദിനാചരണം**

**ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. യഥാസമയം സംഘടിപ്പിക്കുന്നു.**

**കാലം: ആവശ്യാനുസരണം.**

**ചുമതല: എസ് ആർ ജി**

**ലക്ഷ്യം :3**

**ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യുന്നതിന്.**

**പ്രവർത്തനങ്ങൾ:**

**ഗണിതകേളികൾ, മനക്കണക്കുകൾ, ക്വിസ്**

**കാലം : മാസത്തിൽ ഒന്ന്**

**ചുമതല : ഗണിത അധ്യാപകർ**

ലക്ഷ്യം :4

വളരുന്ന ഗണിത പുസ്തകം

പ്രവർത്തനം :

ഗണിതവുമായി ബന്ധപ്പെട്ട അറിവുകൾ ഉൾപ്പെടുത്തി എല്ലാ കുട്ടികളും സൂക്ഷിക്കേണ്ട നോട്ടുപുസ്തകം.

കാലം :

ആവശ്യനുസരണം

ചുമതല : ഗണിത അധ്യാപകർ

ലക്ഷ്യം :5

ഗണിത ക്ലബ്ബ് രൂപീകരണം.

പ്രവർത്തനം:

ഓരോ ക്ലാസിലെയും കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

കാലം :ജൂൺ

ചുമതല : ഗണിത അധ്യാപകർ.

## സോഷ്യൽ സ്റ്റഡീസ്.

ലക്ഷ്യം.

ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക

പ്രവർത്തനം 1

ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു

കാലം

അധ്യയന വർഷം

ചുമതല

സോഷ്യൽസ്റ്റഡീസ് അദ്ധ്യാപകൻ.

സാമ്പത്തികം

പിടിഎ

**ലക്ഷ്യം**

**പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാവിനെ ബോധവാന്മാരാക്കുന്നു**

**പ്രവർത്തനം 2.**

**പ്രകൃതിദുരന്ത തീവ്രതയെ കുറിച്ച് അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു**

**കാലം**

**അധ്യയനവർഷം.**

**ചുമതല**

**സോഷ്യൽസ്റ്റ ഡീസ് അദ്ധ്യാപകൻ**

**സാമ്പത്തികം**

**പിടിഎ**

**ലക്ഷ്യം**

**സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു**

**പ്രവർത്തനം 3**

**പ്രകൃതിദുരന്ത ഇരകളെ സന്ദർശിച്ച് കുട്ടികളാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു**

**HINDI**

**ലക്ഷ്യങ്ങൾ**

**യുപിതത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക**

**പ്രവർത്തനം**

**അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കാൻ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് അക്ഷരമാല പ്രദർശനം പദനിർമ്മാണം ബാക്കിനിർമ്മാണം വർക്ക് ഷീറ്റുകൾ**

**കാലയളവ്**

**ജൂൺ മുതൽ ഡിസംബർ വരെ**

**ബൗദ്ധികം അക്ഷര ചാർട്ട് പദക്കാർഡ് പാഠപുസ്തകം അക്ഷരക്കാർഡ് വർക്ക് സീറ്റുകൾ**

പിന്തുണ ചുമതല
ഹിന്ദി അധ്യാപിക ബി ആർ സി
നിത്യജീവിതത്തിൽ ഹിന്ദി ഭാഷ കേൾക്കുവാനും മനസ്സിലാക്കാനും
സംസാരിക്കുവാനുള്ള കഴിവ് ആർജ്ജിക്കുക
ക്ലാസിൽ ഹിന്ദി ഭാഷാ അന്തരീക്ഷം സൃഷ്ടിക്കുന്നു ഹിന്ദി അസംബ്ലി
റോൾപ്ലേ ഹിന്ദി ക്ലബ്ബിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഹിന്ദി
വീഡിയോ പ്രദർശനം പ്രസംഗം അവതരണം
ആശയം മനസ്സിലാക്കി വായിക്കുവാനുള്ള കഴിവ് ആർജ്ജിക്കുക
വായന മത്സരം അസംബ്ലിയിൽ ഹിന്ദി പത്രവായന ഹിന്ദി ലൈബ്രറി
പുസ്തകങ്ങൾ വായന
ആവശ്യങ്ങൾ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ
വികസിപ്പിക്കുവാനുമുള്ള അവസരം
ദിനാചരണ പ്രവർത്തനങ്ങൾ ഹിന്ദി ദിനം ചിത്ര വായന കഥയെഴുതൽ
കവിത എഴുതുക പോസ്റ്റർ നിർമ്മാണം കഥ പൂർത്തീകരിക്കുക
വായനാക്കുറിപ്പുകൾ എഴുതുക ഒരു വ്യവഹാര രൂപത്തെ മറ്റൊന്നായി മാറ്റി
എഴുതുക
ആഗസ്റ്റ് മുതൽ മാർച്ച് വരെ
ഹിന്ദി പാഠങ്ങൾ വായന കാർഡ് പാഠപുസ്തകം ഹിന്ദി ലൈബ്രറി
സുരേലി ഹിന്ദി വീഡിയോകൾ ഹിന്ദി ലൈബ്രറി ചിത്രങ്ങൾ